വൈദ്യുതി വിതരണം നടത്തുന്ന സ്വകാര്യ കമ്പനികൾ

24 (3177) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണം നടത്തുന്നതിന് എത്ര ലൈസൻസികളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് വൈദ്യുതി വിതരണവും വൈദ്യുതി ഉല്പാദനവും നടത്തുന്ന എത്ര സ്വകാര്യ കമ്പനികളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ കമ്പനികളുടെ വൈദ്യുതി വിതരണംമൂലം ഉണ്ടാകുന്ന പ്രസരണനഷ്ടം എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഈ നഷ്ടം വൈദ്യുതി വകുപ്പിന്റെ പ്രസരണ നഷ്ടവുമായി താരതമ്യപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണം നടത്തുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് പുറമേ താഴെപ്പറയുന്ന 10 ലൈസൻസികൾ ഉണ്ട്:

1. തൃശ്ശൂർ കോർപ്പറേഷൻ
2. കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്
3. കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ അതോറിറ്റി
4. കൊച്ചിൻ പോർട്ട് ട്രസ്റ്റ്
5. കിനസ്ലാ പവർ ആന്റ് യൂട്ടിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്
6. ഇലക്ട്രോണിക്സ് ടെക്നോളജി പാർക്സ് - കേരള (ടെക്നോപാർക്ക്)
7. റബർ പാർക്ക് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്
8. ഇൻഫോ പാർക്ക്സ് - കേരള
9. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (സൈബർ പാർക്ക്)
10. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലൈസൻസികളിൽ സ്വകാര്യ കമ്പനിയായ കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് വൈദ്യുതി വിതരണം നടത്തുന്നു. വൈദ്യുതി ഉല്പാദനം നടത്തുന്ന സ്വകാര്യ കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധം-I 'ആയി ചേർക്കുന്നു.

(സി) പ്രസരണ വിതരണ നഷ്ടമായി 2014-15 വർഷത്തേക്ക് റഗുലേറ്ററി കമ്മീഷൻ നിജപ്പെടുത്തിയത്.

കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് 12%

(ഡി) വൈദ്യുതി ബോർഡിന്റെ 2013-14 വർഷത്തിലെ യഥാർത്ഥ പ്രസരണ വിതരണ നഷ്ടം 14.96 ശതമാനമാണ്. ഇതിൽ 4.5% പ്രസരണ നഷ്ടംകൂടി ഉൾക്കൊള്ളുന്നതാണ്. 2014-15-ലെ പ്രസരണ വിതരണ നഷ്ടം 14.5% ആണ്.

അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി

25 (3178) <u>ശ്രീ. പുരുഷൻ കടവുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതിയിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധ്യമാണോ; വർഷം മുഴുവൻ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമോ;

(ബി) നിലവിൽ പദ്ധതി ഏറ്റെടുത്തിരിക്കുന്നത് ഏത് സ്ഥാപനമാണ്;

(സി) പദ്ധതി നടപ്പിലാക്കാനാവശ്യമായ ഭൂമി ലഭ്യമാണോ ;

(ഡി) നിലവിലുള്ള പദ്ധതി നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ മേഖലയിൽ BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന് (CIAL) അനുവദിച്ചിട്ടുള്ള അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി സംരംഭകർ നൽകിയ വിശദമായ രൂപരേഖ (TEFR) Technical Committee പരിശോധിച്ചുവരികയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷംതന്നെ തുടങ്ങുന്നതാണ്. 4.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതിയിൽ നിന്ന് വർഷത്തിൽ 14.7 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ചെറിയ തടയണ ഉപയോഗിച്ചിട്ടുള്ള റൺ ഓഫ് റിവർ പദ്ധതിയായതിനാൽ മഴക്കാലത്തു മാത്രമേ വൈദ്യുതി ഉല്പാദനം നടക്കുകയുള്ളൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly